ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് : 695033
ഇ-മെയിൽ:secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നമ്പർ: KLS/16240/2024-Ac. D1.

തിരുവനന്തപുരം
07-03-2025

## ക്വട്ടേഷൻ നോട്ടീസ്

നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധയിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന പട്ടികയിലെ **'Sivananda Electronics'** എന്ന ബ്രാൻഡിന്റെ **'upmd 008'** മോഡലിലുള്ള **മൂന്ന് ഡോർ ഫ്രെയിം മെറ്റൽ ഡിറ്റക്ടറുകളുടെ (DFMD)** വാർഷിക അറ്റകുറ്റപ്പണിക്കരാറിൽ ഏർപ്പെടുന്നതിന് സന്നദ്ധരായ വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| ക്രമ നമ്പർ | DFMD-യുടെ സീരിയൽ നമ്പർ | DFMD സ്ഥിതി ചെയ്യുന്ന സ്ഥലം |
|---|---|---|
| 1 | 017032019 | പ്രസ്സ് റിലേഷൻസ് വിഭാഗത്തിന് സമീപം |
| 2 | 018032019 | റിസപ്ഷൻ വിഭാഗം |
| 3 | 019032019 | ഡ്രൈവേഴ്സ് റൂമിന് സമീപം |

മുദ്ര വച്ച ക്വട്ടേഷനുകൾ **15.03.2025,** ശനിയാഴ്ച ഉച്ചയ്ക്കുശേഷം 03.00 മണിക്ക് മുമ്പായി അണ്ടർ സെക്രട്ടറി II(അക്കൗണ്ട്സ്) , നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം ഉച്ചയ്ക്കുശേഷം 03.30 മണിക്ക്, ക്വട്ടേഷനിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ക്വട്ടേഷനുകൾ തുറന്നുപരിശോധിക്കേണ്ട ദിവസം അവധി ആകുകയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ആയത് തുറന്നു പരിശോധിക്കുന്നതാണ്. ക്വട്ടേഷനുകൾ ഉള്ളടക്കം ചെയ്ത കവറിന് പുറത്ത് "നിയമസഭാ സെക്രട്ടേറിയറ്റിലെ മൂന്ന് DFMD-കളുടെ വാർഷിക അറ്റകുറ്റപ്പണിക്കരാറിൽ ഏർപ്പെടുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. ക്വാട്ട് ചെയ്യുന്ന റേറ്റ് എല്ലാ ചെലവുകളും നികുതികളും ഉൾപ്പെടെ ആയിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ യാതൊരു കാരണവും വ്യക്തമാക്കാതെ നിരസിക്കുന്നതിനോ നിയമസഭാ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

**Signed by Preetha K**
**Date: 07-03-2025 16:00:32**
പ്രീത കെ.,

അണ്ടർ സെക്രട്ടറി II (അക്കൗണ്ട്സ്),

സെക്രട്ടറിക്കുവേണ്ടി.